**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2132 — 17.02.2016-ലെ മറുപടിയ്ക്ക്

## ഓഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന് കീഴിൽ 2013 ൽ ഓഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കിയിരുന്നുവോ; പ്രസ്തുത പദ്ധതി എല്ലാ സഹകരണ സർക്കിളുകളിലും നടപ്പാക്കിയിട്ടുണ്ടോ; | (എ) | സഹകരണ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് 01.04.2013 മുതൽ 31.12.2013 വരെ ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി എല്ലാ സർക്കിളുകളിലും നടപ്പിലാക്കിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പങ്കാളികളാവുന്ന ഓഡിറ്റർമാർക്ക് ഇൻസന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; | (ബി) | പ്രസ്തുത പദ്ധതിയിൽ പങ്കാളികളാവുന്ന ആഡിറ്റർമാർക്ക് സർക്കാരിന്റെ 22.07.2013 ലെ സ.ഉ.(സാധാ) 478/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് പ്രഖ്യാപിച്ചിരുന്നു. |
| (സി) | പൊന്നാനി സഹകരണ സർക്കിളിനു കീഴിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;ഇതിൽ എത്ര ഓഡിറ്റർമാരാണ് പങ്കാളികളായത് എന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്.<br>പൊന്നാനി സർക്കിളിൽ നിന്ന് 8 ആഡിറ്റർമാരും ജനറൽ വിഭാഗത്തിൽ നിന്ന് 3 ഇൻസ്പെക്ടർമാരും ഉൾപ്പെടെ 11 പേർ കുടിശ്ശിക നിവാരണ പദ്ധതിയിൽ പങ്കാളികളായി. |
| (ഡി) | ഇവർക്ക് ഇൻസന്റീവ് നൽകിയിരുന്നോ; ഇൻസന്റീവ് ഇനി ആർക്കെങ്കിലും നൽകാനുണ്ടോ; എങ്കിൽ ആർക്കെല്ലാം; നൽകാതിരിക്കുന്നതിനു കാരണം വിശദമാക്കുമോ; | (ഡി) | സർക്കാരിന്റെ 22.07.2013 ലെ സ.ഉ.(സാധാ) 478/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക |

വർഷം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക ആഡിറ്റ് കുടിശ്ശികയിൽ പങ്കാളികളായ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;മാനദണ്ഡങ്ങളിലെ പിശക് മൂലമാണ് പ്രസ്തുത ഇൻസന്റീവ് ലഭിക്കാതിരുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 22.7.2013 ലെ സ.ഉ.(സാധാ) 478/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി അനുസരിച്ച് കുടിശ്ശിക തീർക്കുന്നതിന് അധികമായി ജോലി ചെയ്ത ആഡിറ്റർമാർക്കും/ ഇൻസ്പെക്ടർമാർക്കും അവർ സാധാരണ ജോലിയ്ക്ക് പുറമെ അധികമായി ചെയ്ത ജോലിയ്ക്ക് ആഡിറ്റ് ഫീസിന്റെ 30% പരമാവധി 25000/- രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിൽ പിശകുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ